Prot.No.MPL:7/19/28

# ഇടയലേഖനം

പതിവായി കാണാറുള്ള ഡോക്ടറെ കാണാൻ കഴിഞ്ഞ ഡിസംബർ 22ന് ഞാൻ ചെന്നപ്പോൾ, അപ്രതീക്ഷിതമായി അവിടെ കണ്ടത് മറ്റൊരു ഡോക്ടറെയാണ്. പകരക്കാരനാണെന്നു പറഞ്ഞ് പരിചയപ്പെടുത്തിക്കൊണ്ട്, ഇന്ത്യക്കാരനെന്ന് തോന്നിക്കുന്ന അദ്ദേഹം പറഞ്ഞു, താൻ തമിഴ്വംശജനായ മലേഷ്യക്കാരനാണെന്ന്. ക്രിസ്മസിനു തൊട്ടുമുമ്പുള്ള ദിവസങ്ങളായതിനാലാകണം, ഞാൻ ഏതു സഭാ വിഭാഗത്തിൽ പെടുന്ന വൈദികനാണെന്ന് അദ്ദേഹം ചോദിച്ചറിഞ്ഞു. ഡോക്ടർ പറഞ്ഞു, താൻ ക്രിസ്ത്യാനിയല്ലെങ്കിലും എന്നും ബൈബിൾ വായിക്കാറുണ്ടെന്ന്. അദ്ദേഹം കൂട്ടിച്ചേർത്തു, ബൈബിളിന്റെ ഹൃദയഭാഗം ഈശോയുടെ മലയിലെ പ്രസംഗത്തിലെ അഷ്ടസൗഭാഗ്യങ്ങളാണെന്ന്. വിശ്വാസ സമൂഹത്തെ അഷ്ടസൗഭാഗ്യങ്ങളെപ്പറ്റി ഇടക്കിടെ ഓർമ്മപ്പെടുത്തണമെന്നും അദ്ദേഹം എന്നെ ഉപദേശിച്ചു. ഞാനോർത്തു, ഇതു തന്നെയല്ലേ വർഷങ്ങൾക്ക് മുമ്പ് മഹാത്മാഗാന്ധി പറഞ്ഞുവെച്ചതും.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യങ്ങൾ നാം സവിശേഷമായി പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുകയും ആചരിക്കുകയും ജീവിക്കുകയും ചെയ്യുന്ന നോമ്പുകാലത്ത് സുവിശേഷഭാഗ്യങ്ങളുടെ പുനർവായന രക്ഷാകരമായ അനുഭവമാണ്.

‘‘ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്കു സംതൃപ്തി ലഭിക്കും. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ

അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും'' (മത്തായി 5:3–12).

ഈശോ ഇതൊക്കെ പ്രസംഗിക്കുക മാത്രമല്ല, സ്വജീവിതാനുഭവങ്ങളിലൂടെ നമുക്ക് കാണിച്ചു തരുകയും ചെയ്തു. ലോകത്തിന്റെ മൂല്യദർശനത്തിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് ഈശോയുടെ ദൈവരാജ്യമൂല്യദർശനം. ആ മൂല്യദർശനത്തിന്റെ ആണ്ടുവട്ടത്തിലുള്ള ആഴവും അനുഭവാധിഷ്ഠവുമായ ആചരണമാണ് വലിയനോമ്പുകാലവും അതിന്റെ പരിസമാപ്തിയായ വിശുദ്ധവാരവും.

ഈശോയുടെ മാമ്മോദീസാക്കു ശേഷം മരുഭൂമിയിലെ ഉപവാസവും അവിടുത്തേക്കുണ്ടായ പ്രലോഭനങ്ങളും ഏതൊരു വ്യക്തിക്കും ജീവിതത്തിലുണ്ടാകാവുന്ന അനുഭവങ്ങളാണല്ലോ. കല്ല് അപ്പമാക്കാനും, ദൈവപുത്രനെന്നു കരുതി താഴോട്ട് ചാടാനും, പിശാചിനെ ആരാധിച്ച് എന്തും നേടാനുമുള്ള ചിന്തകൾ അനുദിനജീവിതത്തിൽ നാമൊക്കെ പെട്ടുപോകാവുന്ന കെണികളും പ്രലോഭനങ്ങളുമാണ്.

''പാപത്തിന്റെ നശീകരണശക്തി''യെക്കുറിച്ച് ഫ്രാൻസിസ് പാപ്പ ഇക്കൊല്ലത്തെ നോമ്പുകാലസന്ദേശത്തിൽ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ''അയൽക്കാരനെയും പ്രകൃതിയെയും നശിപ്പിക്കുന്ന രീതിയിൽ നാം പലപ്പോഴും പെരുമാറുന്നുണ്ട്. അത്യാർത്തി നമ്മുടെ ജീവിതത്തിൽ മുൻകൈ എടുക്കുന്നുണ്ട്. ഉയിർപ്പുതിരുന്നാളിലേക്കും, ഉത്ഥാനചക്രവാളത്തിലേക്കും നാം തിരിയുന്നില്ലെങ്കിൽ, എനിക്കെല്ലാം വേണം, എനിക്ക് ഇപ്പോൾ തന്നെ വേണം, എത്ര കിട്ടിയാലും പോര എന്ന മനോഭാവത്തിലേക്ക് നാം വഴുതി വീഴും'' എന്ന് ഫ്രാൻസിസ് പാപ്പ ഓർമ്മപ്പെടുത്തുന്നു. പാപമാണ് എല്ലാ തിന്മകളുടെയും മൂലകാരണം. അതു നമ്മെ നമ്മിൽ നിന്നും, ദൈവത്തിൽ നിന്നും, മറ്റുള്ളവരിൽ നിന്നും, പ്രകൃതിയിൽ നിന്നും ഒറ്റപ്പെടുത്തുന്നു. ആ തിരിച്ചറിവിനും മാനസാന്തരത്തിനുമുള്ള ആഹ്വാനമാണ് നോമ്പുകാലം.

''നോമ്പുകാലം മാനസാന്തരത്തിനുള്ള കൗദാശിക അടയാള''മാണെന്ന് പാപ്പ വിശേഷിപ്പിക്കുന്നു. പെസഹാ രഹസ്യങ്ങളെ ആഴമായും വസ്തുനിഷ്ഠമായും, വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവയുടെ അനുഷ്ഠാനം വഴി അനുഭവിക്കാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു. ഉപഭോഗ പ്രലോഭനങ്ങൾക്കടിമപ്പെടാതെ, പ്രകൃതിയോടും മറ്റുള്ളവരോടും

നമുക്കുണ്ടാകേണ്ട കരുതലിലേക്ക് ഉപവാസം നമ്മെ നയിക്കണം. സ്വാർത്ഥതയുടെ സ്വയം പര്യാപ്തതയിൽ നിന്ന് മാറി കർത്താവിന്റെ കരുണ നമുക്കാവാശ്യമാണെന്ന് പ്രാർത്ഥന നമ്മെ പഠിപ്പിക്കണം. നമുക്കിനിയും ഉറപ്പില്ലാത്ത ഭാവി സുരക്ഷിതമാക്കാൻ വേണ്ടിയുള്ള തത്രപ്പാടിൽ എല്ലാം വെട്ടിപ്പിടിക്കാനുള്ള ഭ്രാന്തമായ ആക്രാന്തത്തിൽ നിന്നും ദാനധർമ്മം നമ്മെ പിന്തിരിപ്പിക്കണം. പ്രലോഭനങ്ങളുടെ മരുഭൂമിയെ ദൈവികകൂട്ടായ്മയുടെ പൂന്തോട്ടമാക്കാനുള്ള ആഹ്വാനമാണ് നോമ്പുകാലം. ''സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽ നിന്നു മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യുന്ന''(റോമ 8:21). ദൈവകൃപയുടെ വസന്തമായ നോമ്പുകാലം നമുക്ക് ഈശോയിൽ വളരാനുള്ള വലിയൊരവസരമാകട്ടെ.

ദൈവമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്ക് നോമ്പുകാലം പ്രത്യേകമായി നമ്മുടെ ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജനകൂദാശയായ കുമ്പസാരത്തിനണയാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുന്നത്.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉത്മൂലനം ചെയ്ത്, തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മ പ്രവർത്തികളിലും നോമ്പുകാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്ക് പ്രവേശിച്ച ഈശോയെപ്പോലെ നമുക്ക് പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്ക് പ്രവേശിക്കാം.

ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ നോമ്പുകാലം ആശംസിക്കുന്നു.

സ്നേഹത്തോടെ,

**+ ബോസ്കോ പിതാവ്** 25 ഫെബ്രുവരി 2019

NB: ഈ ഇടയലേഖനം 2019 മാർച്ച് 3-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.